**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 4883

27.10.2016-ൽ മറുപടിക്ക്

**ട്രേഡ്-ഇൻസ്ട്രക്ടർ തസ്തികയിലുള്ളവരുടെ പ്രൊമോഷൻ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. ഡി. കെ. മുരളി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് പരിഷ്കരിച്ചതിനെത്തുടർന്ന് ട്രേഡ്-ഇൻസ്ട്രക്ടർ തസ്തികയിലുള്ളവരുടെ പ്രൊമോഷന് തടസ്സം നേരിട്ടിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) & (സി) 12.10.2012 ൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾ പ്രകാരം ഈ വകുപ്പിനു കീഴിലുള്ള വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനവും ബൈട്രാൻസ്ഫർ നിയമനവും തമ്മിൽ 1:1 എന്ന അനുപാതത്തിലായിരിക്കും എന്ന് നിശ്ചയിച്ചു. ഇത് കേഡർ സ്ട്രെങ്ത് അടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്. ഇത് പുന:പരിശോധിക്കണമെന്നും പ്രാബല്യ തീയതി നിശ്ചയിക്കണമെന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം പരിശോധിച്ചു വരുന്നു. |
| (സി) പ്രസ്തുത തസ്തികയിൽ ബൈ-ട്രാൻസ്ഫർ പ്രൊമോഷന് പുതിയതായി നിശ്ചയിച്ച അനുപാതം പാലിക്കേണ്ട പ്രാബല്യ തീയതി സംബന്ധിച്ച അവ്യക്തത നീക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | |

Deepa

സെക്ഷൻ ഓഫീസർ